"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. അരുവി സൂനം എം.ജെ യ്ക്ക് 18.11.2017 മുതൽ 16.08.2019 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1159/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 16/06/2021

---

പരാമർശം:- 1 ശ്രീമതി. അരുവി സൂനം എം.ജെ സമർപ്പിച്ച 17.08.2020 ലെ അവധി അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 17.06.2019, 04.02.2021 തീയതികളിലെ PAN/24627/2018-E10(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. അരുവ് സൂനം എം.ജെ യ്ക്ക് വാഹനാപകടത്തെ തുടർന്ന് ചികിത്സയും വിശ്രമവും ആവശ്യമായതിനാൽ ടിയാൾക്ക് 18.11.2017 മുതൽ 16.08.2019 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും തുടർനടപടികൾക്കായി അനുകൂല ശുപാർശ സഹിതം പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും അപേക്ഷക 2017 നവംബർ 18 ന് വാഹനാപകടത്തെതുടർന്ന് ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിട്ടില്ല എന്നും ആശുപത്രി രേഖകളും മെഡിക്കൽ സർട്ടിഫിക്കറ്റും പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ യഥാസമയം സമർപ്പിച്ച് അവധിക്ക് അപേക്ഷിച്ചിട്ടുള്ളതായിട്ടുള്ള വിശദീകരണവും സമർപ്പിച്ചിട്ടുണ്ടെന്നും 16/8/2019 ൽ സമർപ്പിച്ച മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 2/9499/2019 നമ്പർ ഉത്തരവ് പ്രകാരം 17/8/2019 തീയതിയിൽ ശ്രീമതി. അരുവി സൂനം എം.ജെ സർവീസിൽ പുന: പ്രവേശിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 14/05/2015 ന് തുടർച്ചയായ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. എം.ജെ അരുവി സൂനത്തിന് കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 88(ii) പ്രകാരം ഒരു ഘട്ടത്തിൽ പരമാവധി മൂന്ന് മാസത്തേക്ക് മാത്രമെ ശൂന്യവേതനാവധി അനുവദിക്കുവാനാകൂ.

മേൽ സാഹചര്യത്തിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. അരുവി സൂനം എം.ജെ യ്ക്ക് 18.11.2017 മുതൽ 15.08.2019 വരെ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, 16.08.2019 -ാം തീയതി, ടി ദിവസം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ. എസ്. ആർ ഭാഗം 1, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. അരുവി സൂനം എം.ജെ, ഓഫീസ് അറ്റൻഡന്റ്, പൂവച്ചൽ ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, പൂവച്ചൽ ഗ്രാമപഞ്ചായത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
സെക്രട്ടറി, പൂവച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (DEV-1/236/2019-FIN തീയതി 16.04.2021)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/7/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ